2019 ജനുവരി 18..
തിരുവനന്തപുരം പ്രസ്സ്ക്ലബ്ബിലേക്ക്...
അദ്ധ്യാപികയും കവയിത്രിയുമായ മല്ലികാവേണുകുമാറിന്റെ "സൂര്യജ്യോതിസ്സ്" എന്ന കവിതാസമാഹാരത്തിന്റെ പ്രകാശനച്ചടങ്ങാണ് വേദി. പ്രൊഫ. ഡോ: ജോർജ് ഓണക്കൂർ സാർ ഉൾപ്പടെ ഉള്ള വിശിഷ്ടാതിഥികൾ വേദിയിലുണ്ട്.
കവയിത്രിയുടെ "അമ്മ"എന്ന കവിത എഴുത്തുകാരിയുടെ കൊച്ചുമക്കൾ ആലപിക്കാൻ തുടങ്ങുന്നു. അല്പം കഴിയുമ്പോൾ അത് പാടാനുള്ള ഊഴം മകളുടേതായി, പിന്നെ കവയിത്രി തന്നെ കവിത പാടി അവസാനിപ്പിക്കുന്നു. സഹൃദയർ കോരിത്തരിച്ച നിമിഷം. മനസ്സ് നിറഞ്ഞുതുളുമ്പിയ ഓണക്കൂർ സാറിന്റെ മനം നിറഞ്ഞ പ്രശംസ. പ്രത്യേകിച്ചും മകൾക്ക്.. മനോഹരമായ ആ സംയോജനത്തിന്.

കവയിത്രിയുടെ ഒരു ഗാനം സുനിൽ പള്ളിപ്പുറം സംഗീതം നൽകി ദൃശ്യാവിഷ്കാരം നടത്തിയപ്പോൾ എഴുത്തുകാരിയുടെ രണ്ട് മക്കളായി എത്തിയത് കൊച്ചുമക്കളാണെങ്കിൽ എഴുത്തുകാരിയുടെ യൗവനം അവതരിപ്പിച്ചത് സ്വന്തം മകൾ തന്നെ. നൃത്തത്തിലൂടെയും അഭിനയത്തിലൂടെയും ആ അമ്മയായി മാറിയ മകളാണ് ഈ ആഴ്ചയിലെ അതിഥി.

ഗായത്രി അജിത്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കൊട്ടാരക്കര.

പ്രൊവിഡന്റ് ഫണ്ട് ഓഫീസിൽ ഉദ്യോഗസ്ഥനായിരുന്ന വെഞ്ഞാറമ്മൂട് സ്വദേശി വേണുകുമാറിന്റെയും അദ്ധ്യാപികയായ വെമ്പായം സ്വദേശിനി മല്ലികയുടെയും മകളുടെ ബാല്യവും കൗമാരവും എല്ലാം തലസ്ഥാനനഗരിയിൽ ആയിരുന്നു.
ഇന്ന് കാനഡയിൽ ജോലി ചെയ്യുന്ന ചേച്ചി അശ്വതിയും ഗായത്രിയും സ്കൂൾ കാലഘട്ടം ചിലവിട്ടത് പട്ടം ആര്യ സെൻട്രൽ സ്കൂളിൽ ആയിരുന്നു. പഠനത്തിനും പഠനവുമായി ബന്ധപ്പെട്ട പരിപാടികൾക്കും മാത്രം പ്രാമുഖ്യം നൽകിയിരുന്ന സ്കൂളിൽ ആഗ്രഹമുണ്ടായിട്ടും പാട്ടോ നൃത്തമോ അവതരിപ്പിക്കാൻ അവർക്ക് അവസരമുണ്ടായില്ല. എങ്കിലും സംഗീതാദ്ധ്യാപകനായ അനിൽകുമാറിൽ നിന്നും ഗായത്രി നാലഞ്ച് കൊല്ലം സംഗീതം അഭ്യസിച്ചു.

ഇഷ്ടപ്പെട്ട നൃത്തപരിപാടിക്ക് അവസരം കിട്ടിയില്ലെങ്കിലും സ്കൂളിൽ ഇംഗ്ലീഷ്, ഹിന്ദി പദ്യപാരായണത്തിലും പ്രസംഗത്തിലും ലളിതഗാനത്തിലും ഭക്തിഗാനത്തിലും ദേശീയോദ്ഗ്രഥന ഗാനത്തിലും ഒക്കെ ഗായത്രി പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടുകയും ചെയ്തു.

സ്കൂൾ പഠനം കഴിഞ്ഞ കാലത്ത് എല്ലാവരും എൻട്രൻസിന് പിന്നാലെ പായുമ്പോഴാണ് ഗായത്രി ബിരുദപഠനം തെരഞ്ഞെടുത്തത്. ആഗ്രഹിച്ചത് ആംഗലേയം ആണെങ്കിലും കിട്ടിയത് ജന്തുശാസ്ത്രം ആയിരുന്നു. ഗായത്രിയുടെ ആംഗലേയത്തിലെ വ്യുൽപ്പത്തിയിൽ അദ്ധ്യാപകർക്ക് മതിപ്പുണ്ടായിരുന്നെങ്കിലും സാങ്കേതികമായ തടസ്സങ്ങൾ അതിന് തടയിട്ടു. ഏറെ വിഷമം തോന്നിയ നിമിഷമാണെങ്കിലും എന്തും നല്ലതിനെന്ന് ചിന്തിക്കുന്ന ഗായത്രി മെല്ലെ അതിനെ സ്നേഹപൂർവ്വം സ്വീകരിച്ചു. മാർ ഇവനിയോസിലെ ബിരുദകാലത്ത് ഗ്രൂപ്പ് ഡാൻസ് ഉൾപ്പെടെ പുതിയ പുതിയ മേഖലകളിൽ കൂടി വ്യാപാരിക്കാൻ തുടങ്ങി ഗായത്രി.

കോട്ടയം സി എം സിൽ നിന്നും ബയോടെക്നോളജിയിൽ ബിരുദാനന്തരബിരുദം നേടുമ്പോൾ ഗായത്രിക്ക് ഒറ്റ മോഹമേ ഉണ്ടായിരുന്നുള്ളൂ.. വർഷങ്ങളായി ഉള്ളിൽ സ്വരുക്കൂട്ടി വച്ച സ്വപ്നം. സ്വന്തം അദ്ധ്വാനത്തിന്റെ ഫലം കൊണ്ട് അച്ഛനും അമ്മയ്ക്കും ഓരോ സമ്മാനം വാങ്ങിക്കൊടുക്കുക. അങ്ങനെയാണ് തിരുവനന്തപുരത്തെ പേരുകേട്ട ഒരു കോച്ചിംഗ് സ്ഥാപനത്തിൽ അദ്ധ്യാപികയായത്. അമ്മയുടെയും അച്ഛന്റെയും ചെല്ലക്കുട്ടി അങ്ങനെ ആ മോഹത്തിന് പൂവണിയിച്ചു കൊടുത്തത് ജീവിതത്തിലെ സുവർണനിമിഷം. അച്ഛൻ ഓർക്കാപ്പുറത്ത് കൺവെട്ടത്ത് നിന്ന് മറഞ്ഞപ്പോൾ അന്ന് അങ്ങനെ ചെയ്തത് നന്നായി എന്ന് പിന്നീട് മനസ്സ് എപ്പോഴും പറഞ്ഞുകൊണ്ടേയിരുന്നു.

2010ൽ ഇന്ന് അയർലൻഡിൽ ജോലി ചെയ്യുന്ന അജിത്തിന്റെ ജീവിതത്തിലേക്ക്. കഥകളി തമ്പുരാന്റെ നാടായ കൊട്ടാരക്കരയിലേക്ക് ഒരു പറിച്ചുനടൽ.

പിന്നെ അദ്ധ്യാപികയുടെ വേഷത്തിലേക്ക്. എഴുകോൺ എസ് എൻ ജി സ്കൂളിലും തുടർന്ന് പുത്തൂർ ഡിവൈൻ പബ്ലിക് സ്കൂളിലും. ഈ രണ്ട് സ്കൂൾ അധികാരികളും ഗായത്രിയുടെ അഭിമുഖത്തിന്റെ വെളിച്ചത്തിൽ ഗായത്രിയെ ഇംഗ്ലീഷ് അധ്യാപിക ആയാണ് നിയമിച്ചത് എന്നത് വല്ലാത്തൊരു വൈചിത്ര്യമായി. ഇടവേളകളിലും അവധി ദിവസങ്ങളിലും ഇഷ്ടവിഷയങ്ങളായ ബയോകെമിസ്ട്രിയും ബയോഫിസിക്സും പഠിപ്പിക്കാൻ വാളകം മേഴ്സി കോളേജ് ഓഫ് നഴ്സിങ്ങിലും കൊട്ടാരക്കര വിജയാ കോളേജ് ഓഫ് നഴ്സിങ്ങിലും വർക്കല ശിവഗിരി കോളേജ് ഓഫ് നഴ്സിങ്ങിലും. അദ്ധ്യാപനം തലക്ക് പിടിച്ച നാളുകൾ.

ഇതിനിടെയാണ് എല്ലാവരുടെയും നിർബന്ധങ്ങൾക്ക് വഴങ്ങി ഗായത്രി ബാങ്ക് ടെസ്റ്റിന് തയാറെടുത്തത്. മുൻപൊരിക്കൽ ഇന്റർവ്യൂ വരെ എത്തി തിരിച്ചു പോന്ന ഗായത്രിയെ ഇത്തവണ എസ് ബി ടി രണ്ട് കയ്യും നീട്ടി സ്വീകരിച്ചു, കൊട്ടാരക്കര ശാഖയിലേക്ക്. 2013ൽ. 2017ൽ ചന്തമുക്ക് ശാഖയിലേക്ക്. ഇപ്പോഴും അവിടെ തുടരുന്ന ഗായത്രിയെക്കുറിച്ച്

മേലധികാരിയായിരുന്ന നമ്മുടെ ടാലന്റഡ് ബാങ്കർ ഷീബാ മാഡത്തിന് പറഞ്ഞിട്ടും പറഞ്ഞിട്ടും മതിയാവുന്നില്ല. ഇത്ര മിടുക്കിയായ, മറ്റുള്ളവരുടെ കഴിവുകളെ ഇത്രമേൽ പ്രോത്സാഹിപ്പിക്കുന്ന, കലയെ ഇത്ര സ്നേഹിക്കുന്ന, കലക്ക് വേണ്ടി ഇത്ര ത്യാഗമനോഭാവം കാട്ടുന്ന, സ്നേഹബന്ധങ്ങളിലെ ഊഷ്മളത എന്നും ഒരുപോലെ കാത്ത് സൂക്ഷിക്കുന്ന ഒരു ബാങ്ക് ജീവനക്കാരി വേറെ ഇല്ലെന്ന് മാഡത്തിന്റെ സാക്ഷ്യം.

കഴിഞ്ഞ സർഗോത്സവത്തിനിടെ കാലിന് ചെറിയ പരിക്ക് പറ്റിയിട്ടും അതിന്റെ തയാറെടുപ്പുകളിൽ വ്യാപൃതയായി ഒടുവിൽ ഏറെ ബുദ്ധിമുട്ടിയ ഗായത്രിയെക്കുറിച്ച് പറയുമ്പോൾ ഷീബയുടെ വാക്കുകൾ ആർദ്രമായി.
തന്നെക്കൊണ്ട് ഓരോ പരിപാടികളിലും പങ്കെടുപ്പിക്കാൻ ഊർജമാകുന്നത് ഗായത്രിയുടെ സ്നേഹപൂർണമായ നിർബന്ധമാണെന്ന് ഷീബ.

ആലുവ മീറ്റിൽ സ്വന്തം അമ്മയുടെ കവിത വേദിയിൽ അവതരിപ്പിച്ച് ശ്രദ്ധ നേടിയ ഗായത്രി മികച്ച ഒരവതാരക കൂടിയാണ്. അദ്ധ്യാപികയായ അമ്മ സ്വന്തമായി നടത്തുന്ന നവജ്യോതി സ്കൂളിന്റെ തുടക്കം മുതൽ 24 വർഷവും സ്കൂൾവാർഷിക പരിപാടികളിലെ അവതാരക ഗായത്രി ആയിരുന്നു. ഒരു വേള അത് ഒരു റെക്കോർഡ് ആകാം. പലപ്പോഴും അവതാരക പരിപാടിയുടെ ഏറ്റവും ആകർഷകഘടകമായി മാറും, അതിഥികളുടെ പ്രിയപ്പെട്ടവളും. കുട്ടിക്കാലത്ത് അവതാരക വേദിയിൽ പുതിയ പുതിയ വാക്കുകളും ശൈലികളുമായി കത്തിക്കയറുമായിരുന്നു എന്ന് പറയുമ്പോൾ ഗായത്രിക്ക് ഇന്നും അതേ ആവേശം.

കവയിത്രിയായ അമ്മയുടെ രണ്ട് പുസ്തകങ്ങൾ, "ആത്മാവിന്റെ നൊമ്പരം", "സൂര്യജ്യോതിസ്സ് "എന്നീ കവിതാസമാഹാരങ്ങളുടെ പ്രകാശനവേളകൾ മനോഹരമാക്കിയതിൽ ഗായത്രിയുടെ പങ്ക് വളരെയാണ്.

പരിശീലനം ഇല്ലാതെ തന്നെ നമ്മുടെ എത്രയോ പരിപാടികളിൽ ചുവടുകളിൽ താളം തീർത്തു ഗായത്രി. പലപ്പോഴും കൂടെ കുരുന്നുകളും, ഇനി ഞങ്ങൾക്ക് വേണ്ടി അരങ്ങൊഴിഞ്ഞു തരൂ എന്ന് മൊഴിഞ്ഞ് ഭാഗ്യനിധിയും ഭാഗ്യനന്ദയും.

വല്ലാത്തൊരു ഊർജസ്രോതസ്സാണ് ഗായത്രി എന്ന് സഖികൾ. നേരിൽ വിളിക്കുമ്പോഴും അത് വാക്കുകളിൽ പ്രസരിക്കും. ആരെയും കലവറയില്ലാതെ പ്രോത്സാഹിപ്പിക്കും, പുനലൂർ ശ്രീകുമാറിൽ നിന്നും മക്കൾക്കൊപ്പം സംഗീതം ഓൺലൈനിൽ അഭ്യസിക്കുന്ന ഗായത്രി ഇനി നൃത്തത്തിനൊപ്പം പുതിയ ഭാവങ്ങളിലും നമ്മുടെ വേദികളിൽ വന്ന് നിറയട്ടെ എന്നാശംസിക്കുന്നു. ഒപ്പം ഗായത്രിയുടെ എക്കാലത്തെയും

സ്വപ്നമായ"ലാംഗ്വേജ് ലാബ്" എന്ന ആശയം പൂവണിയട്ടെ എന്നും ആശംസിക്കുന്നു.

----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
----------------------------------------------------------------------------------------------

Date : 18th January 2019
Venue : Thiruvananthapuram Press Club
Occasion : Book release of a compilation of poetry, “Suryajyothis", penned by teacher-poet Mallika Venukumar – a function attended by many renowned people including Prof. Dr. George Onakkoor. A poem written by her, “Amma", was recited by her granddaughter in the beginning, continued by her daughter and concluded by herself! A feast to watch for all who attended. An elated Onakkoor sir praised the trio ... especially the daughter..

When a song written by the poet was composed by Sunil Pallipuram, and videographed, her grandchildren acted as her kids and her daughter acted as her own younger self. This daughter who acted as the mother through her dance and expressions is our Talented Banker today.

Gayathri Ajith
State Bank of India
Kottarakkara

Daughter of Venukumar who worked in the Provident Fund office and hailed from Venjaramoodu and Mallika who was a teacher and belonged to Vembayam, she spent her childhood and teenage years in the state capital. Gayathri and her elder sister Aswathi who is presently working in Canada went to Arya Central school where studies and study-related activities were given priority. Though interested in extracurricular activities, both sisters didn’t get much chance to perform in the school. Still Gayathri pursued music for four to five years from Anil Kumar sir.

Though she didn’t get the opportunity to dance, she participated in competitions held in English and Hindi poetry recitation, speech and extempore, light music, devotional songs and patriotic songs; and won numerous prizes for them too.

After her schooling, while all her peers appeared for medical and engineering entrance exams, she chose to do graduation in Zoology. She got admission for Zoology though she preferred English. In spite of her teachers valuing her English proficiency, some technical issues prevented her from getting admission for the language. She was dejected at the time, but soon recovered, her optimistic nature accepting the situation saying ‘all is well'.. and she got the long awaited

chance to perform in various cultural events including group dance during her graduation days at Mar Ivanios college.

As she completed her post graduation in Biotechnology from Kottayam CMC College, she had just one cherished dream.. to buy a gift each for her parents, out of her own earnings! Thinking so, she went on to teach at a well-known coaching centre in Thiruvananthapuram. Thus the darling baby of the loving parents grew to take responsibilities through this act. When her father left unexpectedly without bidding farewell, amidst the grief, she kept feeling that her decision to join there was right.

2010 saw her tying knot with Ajith who is presently working in Ireland. And she walked onto the cradle of Kadhakali, Kottarakkara.

Then she donned the attire of a teacher – in Ezhukone S.N.G School and Puthoor Divine Public school. After interview, both the schools posted her as an English teacher! During her free time and on holidays she taught her favourite subjects Biochemistry and Biophysics at Valakom Mercy College of Nursing, Kottarakkara Vijaya College of Nursing and Varkala Sivagiri College of Nursing. Days when the craze for teaching engulfed her life..

During this period, cajoled by all, she prepared for appearing in bank tests. After reaching upto the interview stage during the first attempt, Gayathri got a warm welcome to join the Kottarakkara branch of SBT in her second try in the year 2013. She got transferred to Market Jn.branch in 2017 where she still continues. Our Talented banker Sheeba madam has no words to describe how talented Gayathri is. She claims that there is no other banker who is as smart, encourages others to excel, loves and sacrifices for art and culture, and value the tenderness of relationships, as Gayathri. Sheeba madam's love for her reverberated in each word as she narrated an incident during the last Sargotsavam when Gayathri got hurt in the leg but kept on practising for the event and at last suffered due to it. She also explained that she was encouraged to participate in every programme by Gayathri's coaxing.

Gayathri was noticed by all when she recited her own mother's poetry during the Aluva meet. She is a great anchor too. She has anchored the annual day celebrations in all of the 24 years in Navajyothi school owned by her mother. This might be a record in itself. More often than not, the anchor of a programme naturally becomes the most charming part of it. The energy and excitement still reflects in her wide eyes as she described how she would use new words and phrases in her anchoring done during her young age.

She made the book release functions of her mother's books, "Suryajyothis" and "Atmavinte nombaram" a grand success through her spirited energy.

Even without any tutelage, she has danced to the tunes of many of our programmes.. many a time accompanied by her little damsels Bhagyanidhi and Bhagyananda who demand for the stage to themselves.

Her friends see her as a great source of enthusiasm and energy. This can be felt as we talk to her too. She is known to encourage the talents in others too. She is learning music through online

classes alongside her daughters from Punalur Sreekumar. We look forward to seeing her dances and other talents in our various programmes, and wish that her secret dream of “Language Lab" may come true soon.